## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2647** **17.10.2016-ന് മറുപടിക്ക്**

### തീരദേശ പരിപാലന നിയമപരിധിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | തീരദേശ പരിപാലന നിയമപ്രകാരം സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന സ്ഥാപനം ഏതാണ്; | (എ) | തീരദേശ പരിപാലന വിജ്ഞാപന പ്രകാരം തീരദേശ നിയന്ത്രണ നിയമം ബാധകമായ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് കേരള തീരദേശ പരിപാലന അതോറിറ്റിയാണ് (കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി -KCZMA) |
| (ബി) | ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1896-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ മുന്നൂറിൽപ്പരം അപേക്ഷകളിൽ തീർപ്പ കല്പിച്ചിട്ടുണ്ട്. |

(സി) അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എപ്പോൾ പരിഹരിക്കാനാകുമെന്ന വ്യക്തമാക്കാമോ;

(സി) മുൻ അതോറിറ്റിയുടെ കാലാവധി 2016 മാർച്ചിൽ കഴിയുകയും, പുതിയ അതോറിറ്റി നിലവിൽ വരാൻ കാലതാമസം നേരിടുകയും ചെയ്തതിനാൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുകയുണ്ടായി. പുതിയ അതോറിറ്റി പ്രവർത്തനം തുടങ്ങുകയും അതോറിറ്റി യോഗം ചേർന്ന് പരമാവധി അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്.

(ഡി) അപേക്ഷകൾ ലഭിച്ചതിന്റെയും നടപടികൾ സ്വീകരിച്ചതിന്റെയും ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(ഡി) ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ